# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

*(Under the Holy Apostolic See of Antioch and All the East)* **Reg. No. ER/308/07**

**Circular to All Sunday School and Co-workers**
**Website : www.mjssa.in**
**Email : mjssahq@gmail.com**

**MJSSA HEAD QUARTERS,**
**Puthencruz P.O., Ernakulam District,**
**Kerala state, Pin - 682 308,**
**Phone : 0484 - 2730150, 80781 57150**


**CIRCULAR NO.M/C/15/2025**

**Date : 21.10.2025**

പ്രിയ സഹപ്രവർത്തകരെ,

2025 ഒക്ടോബർ മാസം 20-ാം തീയതി **MJSSA**യിൽ വച്ച്, പ്രസിഡന്റ് അഭി. ഡോ. അന്തീമോസ് മാത്യൂസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കേന്ദ്രകമ്മിറ്റി ചേരുകയുണ്ടായി. ടി യോഗത്തിൽ എടുത്ത പ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

**1.** വാർഷിക പരീക്ഷയുടെ സുഗമമായ നടത്തിപ്പിനായി എല്ലാ ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാരും കൺസോളിഡേറ്റ് സ്റ്റേറ്റ്മെന്റ് ഡയറക്ടർ വഴി ഒക്ടോബർ 31നകം ജനറൽ സെക്രട്ടറിയുടെ പേർക്ക് അയച്ചുനൽകേണ്ടതാണ്. 2025 ലെ വാർഷിക പരീക്ഷ, 10, 11, 12 ക്ലാസ്സുകളിലെ രജിസ്ട്രേഷൻ ഫൈൻ കൂടാതെ ഒക്ടോബർ 31 വരെ നീട്ടിയിരിക്കുന്നതായി അറിയിക്കുന്നു.

2. പുതിയ അദ്ധ്യയനവർഷം സൺഡേസ്കൂൾ പ്രവേശനോത്സവത്തിന്റെ അഖിലമലങ്കരതല ഉദ്ഘാടനം 2026 ജനുവരി 4-ാം തീയതി ഞായറാഴ്ച കടാതി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളിയിൽ വച്ചു നടത്തുന്നതിന് തീരുമാനിച്ചു. അന്നേദിവസം എല്ലാ സൺഡേസ്കൂളുകളിലും പ്രവേശനോത്സവം നടത്തേണ്ടതാണ്.

3. പരിശുദ്ധനായ പൗലോസ് മോർ അത്താനാസ്യോസ് വലിയ തിരുമേനിയുടെ ഓർമ്മ 2026 ജനുവരി 25ന് നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യണമെന്ന് യോഗം തീരുമാനിച്ചു.

4. മുളന്തുരുത്തി സുന്നഹദോസിന്റെ 150-ാം വാർഷികം 22.02.2026 ന് മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചു.

5. ആത്മദീപം ചിത്രരചനാമത്സരം 08.02.2026 ൽ ഡിസ്ട്രിക്ട് തലത്തിൽ നടത്തേണ്ടതാണ്.

6. അഖിലമലങ്കര സുവിശേഷമഹായോഗത്തോടനുബന്ധിച്ച്, "ഉയരത്തിലുള്ളതിനെ ചിന്തിപ്പിൻ" (കൊലോസ്യ 8 : 3) എന്ന വിഷയത്തെ ആസ്പദമാക്കി സൺഡേസ്കൂളിൽ 7-ാം ക്ലാസ്സ് മുതൽ +2 വരെയുള്ള വിദ്യാർത്ഥികൾക്കായുള്ള ഉപന്യാസമത്സരം നടത്തുന്നതാണ്. വിശദവിവരം പിന്നീട് അറിയിക്കുന്നതാണ്.

7. 2-ാമത് അഖിലമലങ്കര അദ്ധ്യാപക സംഗമം, 2026 ജനുവരി 10 ശനിയാഴ്ച, ശതോത്തര സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന, **അങ്കമാലി മേഖലയിലെ പീച്ചാനിക്കാട് സെന്റ് പീറ്റേഴ്സ് കിഴക്കേ പുത്തൻ പള്ളിയിൽ** വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

8. വെബ്സൈറ്റ് ആന്റ് സോഫ്റ്റ്വെയർ എത്രയും വേഗം കൃത്യമായി പൂർത്തീകരിച്ച് എം.ജെ.എസ്.എസ്.എ.യ്ക്ക് കൈമാറുന്നതിനും ആയത് പരിശോധിക്കുന്നതിന് അഭി. തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ടെക്നിക്കൽ കമ്മിറ്റി ചേരുന്നതിന് തീരുമാനിച്ചു. പുതിയ സോഫ്റ്റ്വെയറിന്റെ പ്രവർത്തനക്ഷമത വിലയിരുത്തുന്നതിന് ടെക്നിക്കൽ എക്സ്പേർട്സിന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചു.

9. ഡിസ്ട്രിക്ട് തെരഞ്ഞെടുപ്പ് യഥാസമയം നടത്തുന്നതിനാവശ്യമായ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുവാൻ ഭദ്രാസന ഡയറക്ടർമാരെ ചുമതലപ്പെടുത്തി. 2025 വർഷത്തിലെ വർഷാരംഭ സ്റ്റേറ്റുമെന്റുകൾ കൃത്യമായി കീഴ്ഘടകങ്ങളിൽനിന്ന് മുകൾ തലങ്ങളിലേക്ക് അയക്കേണ്ടതാകുന്നു.

10. ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെ 1-ാം ദുഖ്റോനൊ, 2025 ഒക്ടോബർ മാസം 25 മുതൽ 31 വരെ പരി. സഭ കൊണ്ടാടുകയാണ്. സൺഡേസ്കൂൾ അദ്ധ്യാപകരും കുട്ടികളും ഭാഗഭാക്കാകുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

11. വിദ്യാഭ്യാസ സ്കോളർഷിപ്പിന് ഇന്നുവരെ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് ധനസഹായം നൽകുവാൻ തീരുമാനിച്ചു.

12. അഖിലമലങ്കര കലോത്സവത്തിൽ വന്ന പോരായ്മകൾ ചർച്ച ചെയ്യുകയും മേലിൽ അപാകതകൾ വരാതെ കരുതേണ്ടതുമാണെന്ന് തീരുമാനിച്ചു.

13. അടുത്തവർഷം കലോത്സവത്തിന് കേന്ദ്രകമ്മറ്റിയിൽപ്പെടാത്ത വ്യക്തികളെക്കൊണ്ട് തങ്കവാക്യം, ക്വിസ് എന്നിവയ്ക്ക് 2 സെറ്റ് ചോദ്യങ്ങൾ തയ്യാറാക്കേണ്ടതാണ്.

14. സത്യവിശ്വാസസംരക്ഷകൻ പരിശുദ്ധനായ ആലുവായിലെ അത്താനാസ്യോസ് വലിയ തിരുമേനി പരി. യാക്കോബായ സുറിയാനി സഭയുടെ തലമുറകളെ വാർത്തെടുക്കുവാൻ സ്ഥാപിച്ചതായ അനുഗ്രഹീത ആത്മീയ പ്രസ്ഥാനമായ എം.ജെ.എസ്.എസ്.എ.യും അതിന്റെ പ്രവർത്തനങ്ങളെയും അദ്ധ്യാപകരേയും അപഹാസ്യപ്പെടുത്തുന്ന രീതിയിലുള്ള സന്ദേശങ്ങൾ "ഹൂദോത്തൊ" എന്ന വാട്സാപ് ഗ്രൂപ്പിലൂടെ പ്രചരിപ്പിക്കുന്നത്, പ്രസ്ഥാനത്തിന്റെ യശ്ശസ്സിനു കളങ്കം ചാർത്തുന്നതായി യോഗം വിലയിരുത്തി. ആയതിനാൽ അത്തരത്തിലുള്ള വാട്സാപ് ഗ്രൂപ്പുകളിൽ സൺഡേസ്കൂൾ അധ്യാപകർ ഉൾപ്പടെയുള്ള കേന്ദ്ര/ഭദ്രാസന/ഡിസ്ട്രിക്ട് ഭാരവാഹികൾ അംഗങ്ങളായിട്ടുണ്ടെങ്കിൽ അവർ പ്രസ്തുത ഗ്രൂപ്പിൽനിന്ന് സ്വയം ഒഴിവാകണമെന്ന് അറിയിക്കുന്നു. എം.ജെ.എസ്.എസ്.എ.സംബന്ധിച്ച അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാൻ അതാതുതലങ്ങളിൽ സംവിധാനമുണ്ടായിരിക്കെ അതു പ്രയോജനപ്പെടുത്താതെ മറ്റു വഴികൾ സ്വീകരിക്കുന്നത് ശതാബ്ദി ആഘോഷിച്ച മഹത്തായ പ്രസ്ഥാനത്തിന്റെ പ്രവർത്തകർക്ക് ഭൂഷണമല്ല. കൂടാതെ പരി.സഭയുടെ പ്രതിസന്ധികളുടെ ഈ കാലഘട്ടത്തിൽ തീർത്തും അഭികാമ്യമല്ലായെന്ന് യോഗം തീരുമാനിച്ചു. എം.ജെ.എസ്.എസ്.എ. പ്രവർത്തനങ്ങൾക്ക് വിരുദ്ധമായി അസത്യപ്രസ്താവനകൾ നടത്തുന്നവർക്കെതിരെ ഭരണഘടനാനുസൃതമായി നിയമനടപടികൾ എടുക്കുന്നതിനും എക്സിക്യൂട്ടീവ് കമ്മിറ്റിയെ ചുമതലപ്പെടുത്തി.

കർത്താവിൽ എളിയ ശുശ്രൂഷകൻ,

**പി.വി. ഏലിയാസ്**
ജനറൽ സെക്രട്ടറി
ഫോൺ: 9446138868, 9526870749